# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## തിരുവള്ളുവർ ഹൈസ്കൂൾ

## മുട്ടപ്പള്ളി

# ഉള്ളടക്കം

1. ആമുഖം
2. വിദ്യാലയത്തിന്റെ ലഘു ചരിത്രം
3. ലക്ഷ്യങ്ങൾ
4. പദ്ധതി വിശദാംശങ്ങൾ
5. പ്രതീക്ഷിത നേട്ടങ്ങൾ
6. ഉപസംഹാരം

# ആമുഖം

ഒരു വിദ്യാർത്ഥിയുടെ സമഗ്രപുരോഗതിക്ക് ശക്തമായ അക്കാദമിക് ദിശാ നിർദേശമാണ് നിർണായകം.തിരുവള്ളുവർ ഹൈസ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻവിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഒരു സമഗ്ര രൂപരേഖയായി സേവിക്കുന്നു.പഠനത്തിന്റെയും അധ്യാപനത്തിന്റെയും നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘകാലപദ്ധതിയണിത്.പുതിയ ശൈക്ഷണിക നയങ്ങൾ കൗശല വികസനം ടെക്നോളജിയുടെ ഉപയോഗം ,വിദ്യാർത്ഥി കേന്ദ്രീകൃത പഠനരീതി, സാമൂഹിക മൂല്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി രൂപകല്പന ചെയ്തിരിക്കുന്ന ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ അറിവും കഴിവും വികസിപ്പിക്കുകയാണ് ലക്ഷ്യം

# ചരിത്രം

കോട്ടയം ജില്ലയിലെ ഒരു ഗ്രാമം ആണ് എരുമേലി. കോട്ടയം നഗരത്തിൽ നിന്നും 50 കിലോമീറ്റർ അകലെയായി മണിമലയാറിന്റെ തീരത്താണ് എരുമേലി സ്ഥിതിചെയ്യുന്നത്. ഇവിടെ പ്രശസ്തമായ ശ്രീധർമ്മശാസ്താ ക്ഷേത്രവും വാവരു പള്ളിയുമുണ്ട്. ശബരിമലയുടെ ഇടത്താവളമായ എരുമേലിയിലെ പേട്ടതുള്ളൽ പ്രശസ്തമാണ്. ഈ പ്രദേശത്തെ തനത് വാദ്യോപകരണങ്ങൾ പേട്ടതുള്ളലിന് ഉപയോഗിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നാനാ ജാതി മതസ്ഥരായിട്ടുള്ള ഭക്തജനങ്ങൾ വർഷം തോറും എരുമേലിയിൽ വന്ന് ശ്രീധർമ്മശാസ്താവിനെയും ഉറ്റ തോഴനായ വാവർ സ്വാമിയെയും വണങ്ങി ശബരിമലയ്ക്ക് പോകുന്നു.എരുമേലിയിൽ നിന്നും 9 കിലോമീറ്റർ ശബരിമല റൂട്ടിൽ സഞ്ചരിച്ചാൽ പ്രകൃതി രമണീയമായ മുട്ടപ്പള്ളി എന്ന ഗ്രാമത്തിൽ എത്തിച്ചേരും. ഇവിടെയാണ് എയ്ഡഡ് വിദ്യാലയമായ തിരുവള്ളുവർ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്. തങ്ങളുടെ തലമുറക്ക് വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്നും അതിനൊരു വിദ്യാലയം ആവശ്യമാണെന്നും മനസിലാക്കി ദീർഘവീക്ഷണമുള്ള അന്നത്തെ തലമുറ ആദ്യം ചെയ്തത് ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിക്കുകയായിരുന്നു.സാമൂഹ്യ നവോത്ഥാനത്തിൽ വിദ്യാലയങ്ങൾക്കുള്ള പങ്കിന്റെ ഗൗരവം മനസിലാക്കി ദീർഘദർശിയും വിദ്യാഭ്യാസ വിചക്ഷണനും ആയിരുന്ന ശ്രീ.ചെമ്പൻ വർക്കിയുടെ നേതൃത്വത്തിൽ 1969 ൽ ഡോ.അംബേദ്കർ മെമ്മോറിയൽ up സ്കൂൾ നിലവിൽ വന്നു. UP സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കുട്ടികൾ കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടതായി വന്നു. ഇതിന് പരിഹാരമായി 1982 ൽ മുട്ടപ്പള്ളി ഹരിജൻ കോളനി വെൽഫയർ അസോസിയേഷന്റെ നേതൃത്വത്തിൽ ആദി ദ്രാവിഡ സംസ്കൃതിയിലെ പണ്ഡിത ശ്രേഷ്ഠനും മുനിവര്യനും തിരുക്കുറലിന്റെ ഉപജ്ഞാതാവുമായിരുന്ന തിരുവള്ളുവരുടെ നാമത്തിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചു.1982 മാർച്ച് 24 ന് ഹരിജന ക്ഷേമ ഡയറക്ടർ ശ്രീ.പി.കെ ശിവാനന്ദൻ IAS ശിലാസ്ഥാപനം നടത്തി. ആ വർഷം ജൂൺ 1 ന് സ്കൂൾ പ്രവർത്തനം ആരംഭിച്ചു

# ലക്ഷ്യങ്ങൾ

മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പരിശീലിപ്പിക്കുന്നു
കുട്ടികളിൽ മെച്ചപ്പെട്ട സ്വഭാവരൂപീകരണത്തിന് ആവശ്യമായ ശ്രദ്ധ നൽകുന്നു
സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നു
പ്രതിസന്ധികൾ തരണം ചെയ്ത് ജീവിതവിജയം നേടാൻ പരിശീലിപ്പിക്കുന്നു
ഗ്രാമീണ അന്തരീക്ഷത്തിൽമെച്ചപ്പെട്ട അദ്ധ്യയനം  ശിശു സൗഹൃദ വിദ്യാലയ അന്തരീക്ഷം  CWSN കുട്ടികൾക്ക് വേണ്ട പരിഗണനയും പങ്കാളിത്തവും ഉറപ്പുവരുത്തുന്നു ലഹരിയുടെ ദോഷഫലങ്ങൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നടത്തുന്നു  യോഗ സുംബ എന്നിവ പരിശീലിപ്പിക്കുന്നതിലൂടെ വിദ്യാർഥികളുടെ മാനസിക വളർച്ച മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുന്നുമലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും18 pt പരിശീലിപ്പിക്കുന്നു കുട്ടികളിൽ മെച്ചപ്പെട്ട സ്വഭാവരൂപീകരണത്തിന് ആവശ്യമായ ശ്രദ്ധ നൽകുന്നു സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നു പ്രതിസന്ധികൾ തരണം ചെയ്ത് ജീവിതവിജയം നേടാൻ പരിശീലിപ്പിക്കുന്നു ഗ്രാമീണ അന്തരീക്ഷത്തിൽമെച്ചപ്പെട്ട അദ്ധ്യയനം  ശിശു സൗഹൃദ വിദ്യാലയ അന്തരീക്ഷം CWSN കുട്ടികൾക്ക് വേണ്ട പരിഗണനയും പങ്കാളിത്തവും ഉറപ്പുവരുത്തുന്നു ലഹരിയുടെ ദോഷഫലങ്ങൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നടത്തുന്നു
യോഗ സുംബ എന്നിവ പരിശീലിപ്പിക്കുന്നതിലൂടെ വിദ്യാർഥികളുടെ മാനസിക വളർച്ച മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുന്നു

# മലയാളം

മലയാളം നമ്മുടെ മാതൃഭാഷയും സംസ്കാരത്തിന്റെ അതിനീതിയുമായ ഭാഷയാണ്. വിദ്യാർത്ഥികളുടെ ഭാഷാസാമർത്ഥ്യവും സാംസ്കാരികബോധവും വളർത്തുന്നതിനായി വിവിധ മലയാളം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് അത്യന്താപേക്ഷിതമാണ്. വായന, എഴുത്ത്, വിവരണം, ചർച്ച, സംഭാഷണം, അവതരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഭാഷയുടെ സൗന്ദര്യവും ഉപയോഗ്യതയും മനസ്സിലാക്കാൻ കുട്ടികൾക്ക് അവസരമാകുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികളിൽ സൃജനാത്മകതയും സ്വാഭാവികമായ ഭാഷാപ്രവാഹവും വളർത്താൻ സഹായകമാണ്. വിദ്യാർത്ഥികളുടെ ആകൃതിമാനമായി വളർച്ചയ്ക്കും മലയാളത്തിന്റെ സംരക്ഷണത്തിനും ഇവ വലിയ സംഭാവനയാകുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരങ്ങൾ ഉറപ്പിക്കൽ, അടയാളം വാക്കുകൾ വാക്യങ്ങൾ ഉറപ്പിക്കൽ, കഥബാക്കി എഴുതാൻ, ചിത്രം നോക്കി കഥ പറയാം | june | അദ്ധ്യാപകൻ | |
| ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി | വായനാദിനത്തോടനുബന്ധിച്ച് സ്കൂൾ ലൈബ്രറികൾതയ്യാറാക്കുന്നു, സമീപ ഗ്രന്ഥശാലയിൽ അംഗത്വം | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | അദ്ധ്യാപകൻ | |

| | | | | |
|---|---|---|---|---|
| മലയാളത്തിലെ സാഹിത്യ ശാഖകൾ | വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തുന്നു | വർഷം മുഴുവൻ | അദ്ധ്യാപകൻ | |

| | | | | |
|---|---|---|---|---|
| സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശനം | മണ്ണടി,തകഴി മുതലായ സ്ഥലങ്ങൾ | പ്രത്യേകം തിരഞ്ഞെടു ത്ത ദിനങ്ങൾ | അദ്ധ്യാപകൻ | |
| ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉൾപ്പെടുത്തുന്നു | ചിത്രങ്ങൾ അടങ്ങിയ സിഡി പ്രദർശിപ്പിക്കു ന്നു ഓരോ ചിത്രത്തെ കുറിച്ചും പറയാനും എഴുതാനുമുള്ള അവസരം നൽകുന്നു | വർഷം മുഴുവൻ | അദ്ധ്യാപകൻ | |
| പുസ്തക ചർച്ച വായനഅനുഭ വം പങ്കുവെക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടു ത്തൽ | വർഷം മുഴുവൻ | അദ്ധ്യാപകൻ | |
| പത്രവായന | കഥാപാത്രനിരൂ പണം വാർത്തതയ്യാറാ ക്കൽ പുതിയ അറിവുകൾ | വർഷം മുഴുവൻ | അദ്ധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | കണ്ടെത്തൽ ക്വിസ് | | | |
| വായന സാധ്യത | വിക്കിപീഡിയ പരിചയപ്പെട്ടുത്തൽവിവരശേഖരണം ഐടി ക്ലാസിൻറെ നേതൃത്വത്തിൽ വിവിധ കൃതികൾ കവിത വീഡിയോ കാണൽ | വർഷം മുഴുവൻ | അദ്ധ്യാപകൻ | |

# ENGLISH

**Common Aims:**

- To identify and figure out the academically backward students who are unable to read and write the English language fluently, and to train them
- To ensure the learning outcomes of each lesson to be grasped and achieved by the students
- To make the English language easy and learnable for the student
- To make the students to create an attachment towards English language and vocabular- To provide the differently abled and slow learners, suitable peer group learning and training

| Aims | Activities | Period | Authority | Financial source |
|---|---|---|---|---|
| To enhance the ability of the students to communicate through the English language | Spoken English class,<br>English library | June -July | English teacher | |
| To enable the students for free reading | News paper reading, English vocabulary games,<br>News paper report presentation,<br>Short story creation | August - September | English teacher | |
| To create an awareness among students about poem recitation | Introduction of new poets and poems,<br>Appreciation writing of new poems | October - November | English teacher | |
| To create an idea about various literary forms in English | English library | December - January | English teacher | |

# ഹിന്ദി

**സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുന്ന ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുന്ന ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആഘോഷവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കും ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവും നേടാൻ പ്രാപ്തരാക്കുന്നലക്ഷ്യങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുക ഉച്ചാരണം പരിചയപ്പെടുത്തുന്ന അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്തുവാനും പഠിപ്പിക്കുന്ന | അക്ഷരമാല കാർഡുകൾ നൽകുന്ന അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | June | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| ആഴ്ചയിലെ ദിവസങ്ങളുടെ എണ്ണങ്ങൾ പേരുകൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥികളുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു | June | അദ്ധ്യാപിക | |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു | വർക്ക് ഷീറ്റുകൾ ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ചിത്രകഥ കാർട്ടൂൺ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു---- കേട്ടെഴുത്ത് പദസൂര്യൻ പകർത്ത് എന്നിവ നൽകുന്നു പ്രശ്നോത്തരി ചെറുകവിതകൾ കഥകൾ എന്നിവ | വർഷം മുഴുവൻ | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | വായിക്കാനായി നൽകുന്നു. | | | |
| ഹിന്ദി ഭാഷ സംസാരിക്കാൻ ഉള്ള ശേഷി നേടൽ | ഹിന്ദി ക്ലാസ് അഭിനയ പരിശീലനം നടത്തുന്നു ഹിന്ദി നാടകം അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം ഉണ്ടാക്കുന്നു ക്വിസ് മത്സരം നടത്തുന്നു | വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | അദ്ധ്യാപിക | |
| രാഷ്ട്രഭാഷ ഹിന്ദി സുരീലി ഹിന്ദി എന്നിവയുടെ മഹത്വം മനസ്സിലാക്കുന്നു | യുവജനോത്സവത്തിൽ ഹിന്ദി ഭാഷയായി ബന്ധപ്പെട്ട കൂടുതൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഹിന്ദിയിൽ അസംബ്ലി നടത്തുന്നുഹിന്ദി ദിനം ആചരിക്കുന്നു. ഹിന്ദി സാഹിത്യകാരന്മാരെ | വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | പരിചയപ്പെടുത്തുന്ന അഭിമുഖം സംഘടിപ്പിക്കുന്ന ഹിന്ദി പ്രസിദ്ധീകരണം വായിക്കുവാൻ അവസരം നൽകുന്നു. | | | |
| എഴുതുവാനും വായിക്കുവാനുമുള്ള അറിവ് നേടുക | അക്ഷരങ്ങൾ പരിശീലിപ്പിക്കുന്ന ചെറിയ വാക്കുകൾ പഠിപ്പിക്കുന്നു വാക്കുകൾ പഠിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നു ചിഹ്നങ്ങൾ പരിചയപ്പെടുത്തുന്നു. ഓരോ ദിവസവും പുതിയ അഞ്ചു വാക്കുകൾ പരിശോധിക്കുന്നു. | വർഷം മുഴുവൻ | അദ്ധ്യാപിക | |
| ഹിന്ദി ഭാഷ വർദ്ധിപ്പിക്കൽ | ഹിന്ദിയിലുള്ള ചെറിയ കഥകൾ പരിചയപ്പെടു | വർഷം മുഴുവൻ | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | ത്തുന്നു. കവിതകൾ പരിചയപ്പെട്ടു ത്തുന്നു കഥ കവിത മത്സരം നടത്തുന്നു. | | | |
| ഹിന്ദി ഭാഷ കൂട്ടതലായി കേൾക്കുന്നതിനായി അവസരം ഒരുക്കുന്നു- | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം, വാർത്തകൾ കേൾക്കാനും സിനിമ കാണുവാനുമുള്ള അവസരം ഹിന്ദിയിലുള്ള കൈയെഴുത്ത് മാസിക ഉണ്ടാക്കിക്കുന്നു. എല്ലാ ക്ലാസിലും ഹിന്ദി കവിതകൾ ഓഡിയോ കേൾക്കാനുള്ള അവസരം കൊടുക്കുന്നു. | വർഷം മുഴുവൻ | അദ്ധ്യാപിക | |

# സാമൂഹ്യ ശാസ്ത്രം

സാമൂഹ്യശാസ്ത്രം മനുഷ്യരുടെയും അവരുടെ സമൂഹങ്ങളുടെയും വികാസത്തെക്കുറിച്ചും ഇടപെടലുകളെക്കുറിച്ചുമുള്ള പഠനമാണ്. ഓരോ വ്യക്തിയുടെയും സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക പശ്ചാത്തലങ്ങൾ മനസ്സിലാക്കുകയും, ആ മനസ്സിലാക്കലുകൾ അടിസ്ഥാനമാക്കി നല്ല പൗരന്മാരായി വളരാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുകയാണ് ഈ വിഷയത്തിന്റെ ലക്ഷ്യം. ഈ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് ആശയവിപ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾനിമയം, നിരീക്ഷണശേഷി, വിമർശനാത്മക ചിന്തനം, പൗരബോധം തുടങ്ങിയവ വളർത്താൻ സഹായകമാകുന്നതാണ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| പരിസ്ഥിതി ദിനാചരണം | വിവിധ ക്ലബുകളുടെ സഹകരണത്തോടെ പരിസ്ഥിതി ദിനാചരണം സംഘടിപ്പിക്കുന്നു | വർഷം മുഴുവൻ | പരിസ്ഥിതി ക്ലബ്ബിന് | |
| അടിസ്ഥാന ശേഷി മെച്ചപ്പെടുത്തൽ | സാമൂഹികശാസ്ത്ര വിഷയങ്ങളിലെ അടിസ്ഥാന ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിന് ഉള്ള പരിശീലന പരിപാടിയാണിത് | 25 days | അദ്ധ്യാപിക | |
| ജനാധിപത്യം | ജനാധിപത്യം- | അക്കാദമിക | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം മൂല്യബോധം വളർത്തുക. | സ്കൂൾ പാർലമെന്റ്- മോക്ക് പാർലമെന്റ് - പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു- | വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | | |
| ക്വിസ് കോമ്പറ്റീഷൻ | സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ സഹായത്തോടെ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | വിവിധ ക്ലബ്ബുകൾ | |
| പ്രാദേശിക കേന്ദ്രങ്ങൾ സന്ദർശിക്കൽ | കാവുകൾ തറവാടുകൾ, നെൽപാടങ്ങൾ, തണ്ണീർതടങ്ങൾ എന്നിവ സന്ദർശിക്കൽ | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | അദ്ധ്യാപിക | |
| പഠനയാത്ര | ചരിത്രപ്രാധാന്യം ഉള്ള സ്ഥലത്തേയ്ക്ക് യാത്ര സംഘ ഠ ടിപ്പിക്കുന്നു. | ഒരു ദിവസം | അദ്ധ്യാപിക | |
| പുസ്തകവിതരണം | ചരിത്ര പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു. | വർഷം മുഴുവൻ | അദ്ധ്യാപിക | |

# സയൻസ്

ഇന്നത്തെ ശാസ്ത്രീയ സമൂഹത്തിൽ അറിവും നൈപുണ്യങ്ങളും അടിസ്ഥാനമാക്കി പുതുയുഗത്തിന്റെ സാങ്കേതിക മുന്നേറ്റങ്ങളിലേക്ക് നയിക്കുന്നതിലാണ് സയൻസ് വിദ്യാഭ്യാസത്തിന്റെ പ്രധാന പങ്ക്. വിദ്യാർത്ഥികളിൽ ആവിഷ്കാരശേഷിയും ആന്വേഷണ മനോഭാവവും വളർത്തുന്നതിനും അവർക്ക് 21-ാം നൂറ്റാണ്ടിന്റെ വെല്ലുവിളികളെ നേരിടാൻ സഹായിക്കുന്നതിനും അടിസ്ഥാനമായി പ്രവർത്തിക്കുന്നതാണ് സയൻസ് അധ്യാപനം. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി തയ്യാറാക്കുന്ന ദീർഘകാല വിദ്യാഭ്യാസരൂപരേഖയാണ് സയൻസ് അക്കാദമിക മാസ്റ്റർ പ്ലാൻ. ശാസ്ത്രവിഷയങ്ങളുടെ പഠനത്തിൽ സമഗ്രതയും സാങ്കേതിക പിന്തുണയും ഉറപ്പുവരുത്തുന്നതിനും  ക്ലാസ് റൂം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഈ പ്ലാൻ ദിശാനിർദ്ദേശമാകും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ശാസ്ത്ര കൗതുകം നിരീക്ഷണം ജിജ്ഞാസ വർദ്ധിപ്പിക്കുക | ചുറ്റുപാടുകൾ നിരീക്ഷിച്ച് കൗതുക കാഴ്ചകൾ ചർച്ചചെയ്യാൻ അവസരം നൽകുന്ന പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ | വർഷം മുഴുവൻ | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | നിർമ്മിക്കുന്നു<br>ലഘുപരീക്ഷണങ്ങൾ തയ്യാറാക്കി<br>അവതരിപ്പിക്കുന്നു | | | |
| ശാസ്ത്ര ലോകത്തേക്ക് | ആനുകാലിക ശാസ്ത്ര വാർത്തകൾ<br>തയ്യാറാക്കി<br>അസംബ്ലിയിൽ<br>അവതരിപ്പിക്കുന്നു<br><br>ശാസ്ത്രമേളകൾ<br>സംഘടിപ്പിക്കുന്നു<br><br>റോൾപ്ലേകൾ<br>അസംബ്ലിയിൽ<br>അവതരിപ്പിക്കുന്നു | | അദ്ധ്യാപിക | |
| സുരക്ഷിത ജീവിതം | വൈദ്യുത<br>ഉപകരണങ്ങൾ<br>കൈകാര്യം<br>ചെയ്യുമ്പോൾ<br>ശ്രദ്ധിക്കേണ്ട<br>കാര്യങ്ങൾ<br>ബോധവൽക്കരണ<br>ക്ലാസിലൂടെ<br>വിശദമാക്കുന്നു.<br><br>ട്രാഫിക് നിയമങ്ങൾ<br>പാലിക്കേണ്ടതിന്റെ | JULY | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | പ്രാധാന്യം ബോധവൽക്കരണം നടത്തുന്നു വിവിധ പ്രഥമ ശുശ്രൂഷ പാഠങ്ങൾ വിശദമാക്കുന്നു | | | |
| പരിസര ശുചിത്വം ആരോഗ്യപൂർണ്ണമായ ജീവിതം | പരിസര ശുചിത്വം പ്രാധാന്യം വ്യക്തി ശുചിത്വം ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ ഇവ വിശദമാക്കുന്നു മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കേണ്ടതിന്റെ പ്രാധാന്യം വിശദമാക്കുന്നു പ്ലാസ്റ്റിക് ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ബോധവൽക്കരണ ക്ലാസ് | JUNE | അദ്ധ്യാപിക | |
| കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തൽ | ശാസ്ത്ര ദിനാചരണങ്ങൾ ആചരിക്കുന്നതിലൂടെ ശാസ്ത്ര താൽപര്യം വർദ്ധിക്കുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | | ദിനങ്ങൾ | | |
| ഊർജ്ജ സംരക്ഷണം | ആധുനിക ജീവിതസൗകര്യങ്ങൾ പ്രയോജനപ്പെടണമെങ്കിൽ ഊർജ്ജം ആവശ്യമാണെന്നും ഊർജ്ജം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കുട്ടികളിൽ ധാരണ ഉണ്ടാക്കുന്നു | വർഷം മുഴുവൻ | അദ്ധ്യാപിക | |
| ഔഷധ സസ്യങ്ങളുടെ പ്രാധാന്യം | ഔഷധസസ്യ തോട്ടം നിർമ്മാണത്തിലൂടെ ഔഷധസസ്യങ്ങളെ തിരിച്ചറിയാനും അവയുടെ പ്രാധാന്യം മനസ്സിലാക്കാനും സാധിക്കുന്നു | വർഷം മുഴുവൻ | അദ്ധ്യാപിക | |

# ഗണിതം

ഗണിതശാസ്ത്രം എന്നത് സംഖ്യകളും ആകൃതികളും വകായി പഠിക്കുന്ന ഒരു ശാസ്ത്രശാഖയാണ്.നമ്മുടെ ദിനംപ്രതിയുള്ള ജീവിതത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വിഷയമാണ് ഗണിതം.

കൃത്യമായ ആലോചന ശേഷി വളർത്താൻ ,പ്രശ്നപരിഹാരശേഷി വർദ്ധിപ്പിക്കുക എന്നിവയൊക്കെ ഗണിത പഠനം കൊണ്ട് സാധ്യമാകുന്നു. ഗണിതശാസ്ത്രത്തിന്റെ സങ്കീർണത ഗണിത പാട്ടുകൾ, ഗെയിമുകൾ ഐസിടി എന്നിവ ഉപയോഗിച്ച് ലഘൂകരിച്ച് രസകരവും ആസ്വാദ്യകരവും ആക്കി തീർത്ത് കുട്ടികളെ കൂടുതൽ രസിപ്പിക്കുകയും അതേസമയം ചിന്തിപ്പിക്കാനും ഗണിതത്തിലൂടെ സാധിക്കും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| ഗണിതവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഗുണന പട്ടിക, വർക്ക് ഷീറ്റ് ,സംഖ്യ ബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. പിയർ ഗ്രൂപ്പ് പ്രവർത്തനം | June | അദ്ധ്യാപിക | |
| ഗണിത അഭിരുചി വർദ്ധിപ്പിക്കൽ | ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം കുട്ടികളുമായി പങ്കുവെക്കുന്നു<br><br>മനക്കണക്ക് മത്സരം<br><br>നമ്പർ ചാർട്ടുകൾ ജ്യാമിതീയ ചാർട്ടുകൾ ഗണിത രൂപങ്ങൾ എന്നിവ തയ്യാറാക്കൽ.<br><br>ഗണിത പാട്ടുകൾ കുസൃതി കണക്കുകൾ എന്നിവയുടെ ശേഖരണം<br><br>ഗണിത ക്വിസ് | വർഷം മുഴുവൻ | അദ്ധ്യാപിക | അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| | നടത്തുന്നു | | | |
| ഗണിത ക്ലബ്ബ് | ഓരോ ക്ലാസിലെയും കുട്ടികൾ ഗണിത ക്ലബ്ബിൽ അംഗങ്ങൾ ആയിരിക്കും<br><br>ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ക്ലാസ് തലത്തിലും സ്കൂൾതലത്തിലും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.<br><br>ഗണിത അറിവുകളുടെ ശേഖരണം | വർഷം മുഴുവൻ | ക്ലബ്ബ് അംഗങ്ങൾ | |
| ബീജഗണിതം ആസ്വാദ്യമാക്കൽ | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിത ഉപയോഗിച്ച് വിശദീകരിക്കുന്നു.<br>വേദഗണിതം, ലീലാവതി എന്നിവ പരിചയപ്പെടുത്തുന്നു | വർഷം മുഴുവൻ | അദ്ധ്യാപിക | |
| ജാമിതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള | പാറ്റേണുകൾ നിർമ്മിക്കുക | വർഷം മുഴുവൻ | ക്ലബ്ബ് അംഗങ്ങൾ | |

| | | | | |
|---|---|---|---|---|
| കഴിവ് വികസിപ്പിക്കൽ | | | | |
| ഐസിടി സാധ്യതയുള്ള പഠനം | സമഗ്ര ജിയോജിബ്ര എന്നിവ ഉപയോഗിച്ചുള്ള പഠനം | വർഷം മുഴുവൻ | അദ്ധ്യാപിക | |
| പരീക്ഷ പരിശീലനം | ചോദ്യപേപ്പർ നിർമ്മാണം | August November February | അദ്ധ്യാപിക | |

# കലാ-കായിക പ്രവർത്തനങ്ങൾ

വിദ്യാഭ്യാസത്തെ സമഗ്രമായോയും വ്യക്തിമുദ്രയോടെയും മുന്നോട്ട് നയിക്കാൻ കലാ-കായിക പ്രവർത്തനങ്ങൾ നിർണായകമാണ്. ക്ലാസിലെ പാഠഭാഗങ്ങൾക്കപ്പുറമുള്ള ഈ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് പ്രധാനമാണ്. കലാപരമായ കഴിവുകൾ ഉദ്ബോധിപ്പിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യാനുള്ള വേദിയാണ് കലാപരിപാടികൾ. അതുപോലെ കായിക മത്സരങ്ങൾ ടീം സ്പിരിറ്റ്, സഹകരണം, നേതൃത്വക്ഷമത തുടങ്ങിയ മൂല്യങ്ങൾ വളർത്താൻ സഹായിക്കുന്നു.

ഈ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ ആത്മവിശ്വാസം, ആഘോഷഭാവം, ആരോഗ്യം തുടങ്ങിയവ വളർത്തുന്നതിനൊപ്പം അവരുടെ വ്യക്തിത്വവികാസത്തിനും കരിയർ വളർച്ചയ്ക്കും വലിയ സഹായമാകുന്നു. അതിനാൽ, അധ്യയനത്തിനൊപ്പം കലയും കായികവും സമന്വയിപ്പിച്ചാണ് ഉന്നത വിദ്യാഭ്യാസം വളരേണ്ടത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കലാപരമായ കഴിവുകളും സാംസ്കാരിക | ടാലൻറ് ലാബ്, ചിത്രരചന അലങ്കാര | വർഷം മുഴുവൻ | അദ്ധ്യാപിക | |

| | | | |
|---|---|---|---|
| ബോധവുമുള്ള പൗരന്മാരെ രൂപപ്പെടുത്തുക. | വസ്തുക്കൾ നിർമ്മാണയിൽ ഐസിടി സാധ്യത കൂടി ഉൾപ്പെടുത്തി പരിശീലനം നൽകുന്ന പരിശീലനം | | |
| കായികശേഷിയും ആരോഗ്യമുള്ള ശരീരം | ലഘു വ്യായാമങ്ങൾ, യോഗ, സുംബ ഡാൻസ്, ഹാൻഡ്ബോൾ പരിശീലനം | വർഷം മുഴവൻ | അദ്ധ്യാപിക |
| Indoor Games | ചെസ്സ് ക്യാരംസ് തുടങ്ങിയവയിൽ പരിശീലനം. | വർഷം മുഴവൻ | അദ്ധ്യാപിക |

# ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive Education)

വിദ്യാഭ്യാസം എല്ലാവർക്കും ഒരുപോലെ ലഭ്യമായിരിക്കണം എന്നത് ഒരു സമൂഹത്തിന്റെ അടിസ്ഥാന മൂല്യമാണ്. വ്യത്യസ്ത ശേഷിയുള്ള വിദ്യാർത്ഥികളെയും വിവിധ സാമൂഹിക, സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ള കുട്ടികളെയും ഒരുപോലെ ഉൾപ്പെടുത്തി വിദ്യാഭ്യാസം നൽകുന്നതിനെയാണ് ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive Education) എന്ന് വിശേഷിപ്പിക്കുന്നത്.പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കും സാധാരണ വിദ്യാർത്ഥികൾക്കും ഒരേ അധ്യാപന പരിസരവും അനുഭാവസമൃദ്ധമായ അനുഭവങ്ങളും നൽകുന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം.അങ്ങനെ, ഉൾച്ചേർന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കുട്ടികളുടെ സാമൂഹിക ഉത്തരവാദിത്തവും വർധിപ്പിച്ചുകൊണ്ട്, എല്ലാവർക്കും മതിയായ സ്നേഹവും അംഗീകാരവുമുള്ള വിദ്യാഭ്യാസം നൽകുന്ന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| റിസോഴ്സ് അധ്യാപകരുടെ സേവനം | ഭിന്ന ശേഷി കുട്ടികളെ കണ്ടെത്തി തരം തിരിച്ച് റിസോഴ്സ് | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നു. | | | |
| മാതൃഭാഷയിലെ അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു | അക്ഷര കാർഡ് പദങ്ങൾ പൂരിപ്പിക്കൽ ലഘുപദങ്ങൾ പരിചയപ്പെടുത്തൽ എന്നിവയിലൂടെ ഭാഷ ലളിതമാക്കുന്നു. | വർഷം മുഴുവൻ | അദ്ധ്യാപിക | |
| ഏകാഗ്രത മാനസിക വളർച്ച എന്നിവ മെച്ചപ്പെടുത്തുക | യോഗ പരിശീലനം | വർഷം മുഴുവൻ | അദ്ധ്യാപിക | |
| എല്ലാ വിഷയങ്ങളുടെയും അടിസ്ഥാന പഠന | ലഘുവായ ടീച്ചിംഗ് എയ്ഡ്,ലഘുപരീക്ഷണങ്ങൾ, കഥ,കവിത | വർഷം മുഴുവൻ | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| നേട്ടങ്ങൾ | എന്നിവയിലൂടെ അടിസ്ഥാന നേട്ടങ്ങൾ മനസ്സിലാക്കുന്നു | | | |
| സമൂഹത്തിന്റെ മുൻ നിരയിലേക്ക് കൊണ്ടു വരുന്നു | സവിശേഷ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നു കലാകായിക പ്രവർത്തനങ്ങൾ അക്കാദമിക പ്രവർത്തനങ്ങൾ, കൃഷി, തുടങ്ങിയവയിൽ ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | വർഷം മുഴുവൻ | അദ്ധ്യാപിക | |

# ഇൻഫോർമേഷൻ ടെക്നോളജി

ഇൻഫോർമേഷൻ ടെക്നോളജി എന്നത് ഇന്ന് അനിവാര്യമായ ഒരു മേഖലയായി മാറിയിരിക്കുന്നു. വിദ്യാർത്ഥികളിൽ ഡിജിറ്റൽ പരിജ്ഞാനവും സാങ്കേതിക നൈപുണ്യവും വളർത്തുക എന്നതാണ് ഇൻഫോർമേഷൻ ടെക്നോളജി പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ 21-ാം നൂറ്റാണ്ടിന്റെ ആവശ്യങ്ങൾ നിറവേറ്റാനാകുന്ന വിധത്തിൽ സജ്ജമാക്കുന്നു. കമ്പ്യൂട്ടർ പ്രയോഗങ്ങൾ, പ്രോഗ്രാമിംഗ് ഭാഷകൾ, ഡാറ്റാ കൈമാറ്റം, സൈബർ സുരക്ഷ, ആനിമേഷൻ, വെബ് ഡിസൈൻ, ആപ്പ് വികസനം തുടങ്ങിയവയെക്കുറിച്ചുള്ള പരിചയവും ബോധവുമാണ് ഇത്തരം പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നത്.

നവീന സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യുന്നതിലൂടെ അവരുടെ പ്രശ്നപരിഹാര ശേഷി, സൃഷ്ടിപരമായ ചിന്തനശൈലി, കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനം എന്നീ കഴിവുകൾ വികസിപ്പിക്കപ്പെടുന്നു. ഈ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ ഒരു ശാസ്ത്രീയവും സാങ്കേതികവുമായ സമീപനത്തിലേക്ക് നയിക്കുകയാണ്. അതുവഴി ഭാവിയിലെ തൊഴിൽവിപണിയിൽ അവർക്ക് ഉറച്ച സ്ഥാനം നേടാനും പ്രാപ്തരാകാനും ഇതു സഹായിക്കും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കമ്പ്യൂട്ടർ അടിസ്ഥാന പരിശീലനം | Office (Writer, Excel, impress) ഉപയോഗം<br><br>ടൈപ്പിംഗ് പരിശീലനം<br><br>ഇന്റർനെറ്റ് ഉപയോഗം (സുരക്ഷിതവും ഉത്തരവാദിത്തപരവുമായ ഉപയോഗം) | വർഷം മുഴുവൻ | അദ്ധ്യാപിക | |
| പ്രോഗ്രാമിംഗ് പരിചയം | Scratch, Python, HTML, തുടങ്ങിയ ഭാഷകളിലൂടെ അടിസ്ഥാന പ്രോഗ്രാമിംഗ്' | വർഷം മുഴുവൻ | അദ്ധ്യാപിക | |
| സൈബർ സുരക്ഷ ബോധവത്കരണം | പാസ്‌വേഡിന്റെ പ്രധാന്യം ഓൺലൈൻ സുരക്ഷ | വർഷം മുഴുവൻ | അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | ഫിഷിങ്, സ്കാമുകൾ തുടങ്ങിയ അപകടങ്ങൾ തിരിച്ചറിയൽ | | | |
| ഐടി അടിസ്ഥാന പരിശോധനക ൾ | ക്വിസ് മത്സരങ്ങൾ, പ്രായോഗിക പരീക്ഷകൾ എന്നിവ വഴി വിദ്യാർത്ഥികളു ടെ അറിവ് വിലയിരുത്തുക | വർഷം മുഴുവൻ | അദ്ധ്യാപിക | |

# പ്രതീക്ഷിത നേട്ടങ്ങൾ

- വിഷയപരമായ വിജ്ഞാനത്തിലെ മെച്ചപ്പെട്ട മുന്നേറ്റം
- പരീക്ഷാഫലങ്ങളിൽ ഗുണനിലവാരമുള്ള വർദ്ധന
- സംശയപരിഹാര ശേഷി വർദ്ധിപ്പിക്കൽ
- ഉത്തരവാദിത്തബോധം, കൃത്യത, സാമൂഹികമൂല്യങ്ങൾ എന്നിവയുടെ വളർച്ച
- സഹവിദ്യാർത്ഥികളോടും അധ്യാപകരോടും നല്ല ഇടപഴകൽ
- സമയബന്ധിതമായ സിലബസ് കവറേജ്
- നിഷ്പക്ഷമായ വിലയിരുത്തൽ
- കലാ മത്സരങ്ങളിലും കായിക മത്സരങ്ങളിലും സജീവമായി പങ്കെടുക്കൽ

# ഉപസംഹാരം

ടിവിഎച്ച്എസ് അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ സമഗ്രമായ ബൗദ്ധിക, സാമൂഹിക, മാനസിക വളർച്ചയ്ക്കായി രൂപകൽപ്പന ചെയ്തതാണ്. അധ്യാപന-അഭ്യസന രീതികളുടെ മെച്ചപ്പെടുത്തൽ, വിദ്യാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയോടു ചേർന്ന് പഠനാനുഭവം നൽകൽ, ഉൾക്കൊള്ളലുള്ള വിദ്യാഭ്യാസം ഉറപ്പാക്കൽ എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ ഈ പദ്ധതിയിലൂടെ പിന്തുടരുന്നു. നമ്മുടെ വിദ്യാലയത്തിൻറെ ശാക്തീകരണത്തിനും ഭാവിയിലെ വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള തയ്യാറെടുപ്പിനും ഈ മാസ്റ്റർ പ്ലാൻ ഒരു ശക്തമായ അടിത്തറയാകും. എല്ലായിടത്തും വിദ്യാഭ്യാസ മികവിന്റെ മാതൃകയായി ടിവിഎച്ച്എസിനെ ഉയർത്തിക്കൊണ്ടുപോകുന്നതിന് ഈ പദ്ധതി വഴികാട്ടിയാകും.